"ഭരണഭാഷ മാതൃഭാഷ"

<u>നം.ക്യു.ഐ.പി(1)/6281/2018/ഡി.പി.ഐ.</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 27..01..2018.

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.

സർ,

വിഷയം:- എസ്.എസ്.എൽ.സി. പരീക്ഷയിൽ റൈറ്റിംഗ് ബോർഡ് ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 22/01/2018-ലെ ബഹു: ബാലാവകാശ സംരക്ഷണ കമ്മീഷന്റെ കത്ത് നമ്പർ CRMP No.2569/12/LA2/2017/ KeSCPCR.

****

എസ്.എസ്.എൽ.സി. പരീക്ഷാവേളയിൽ ചില സ്കൂളുകളിൽ മാത്രം എഴുത്തില്ലാത്ത റൈറ്റിംഗ് ബോർഡുകൾ ഉപയോഗിക്കാൻ അനുമതി നൽകുന്നുണ്ടെന്നും, ചില സ്കൂളുകളിൽ ഇൻവിജിലേറ്റർമാരുടെ മനോധർമ്മമനുസരിച്ച് പ്രവർത്തിയ്ക്കുകയാണെന്നും കാണിച്ച് ശ്രീമതി.എം.എം.മേരി ബഹു: ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സൂചന പ്രകാരം കമ്മീഷൻ നോട്ടീസ് നൽകിയിരിക്കുന്നു.

എസ്.എസ്.എൽ.സി. പരീക്ഷാസമയത്ത് റൈറ്റിംഗ് ബോർഡുകളിൽ എഴുത്തുകുത്തുകൾ ഒന്നും ഇല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം ഇൻവിജിലേറ്റർമാർ കുട്ടികൾക്ക് ആയത് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, പ്രഥമാദ്ധ്യാപകർക്കും ഇതു സംബന്ധിച്ച നിർദ്ദേശം നൽകേണ്ടതാണ്.

**വിശ്വസ്തതയോടെ,**

**ജെസ്സി ജോസഫ്,**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എ.റ്റി.27/1